**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 863** **24-02-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലം -വനാവകാശ രേഖ നൽകിയ ഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ പന്തപ്ര ആദിവാസി കോളനിയിലെ കുടുംബങ്ങൾക്ക് രണ്ട് ഏക്കർ വനാവകാശ രേഖ നല്കിയെങ്കിലും ഭവനനിർമ്മാണത്തിന് വേണ്ടി 15 സെന്റ് സ്ഥലത്തെ മരങ്ങൾ മാത്രമേ മുറിച്ച് മാറ്റാൻ അനുവാദം നൽകിയിട്ടുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. പന്തപ്ര ആദിവാസി കോളനിയിൽ രണ്ട് ഏക്കർ വീതം വനഭൂമി നൽകിയിട്ടുണ്ട്. ഇവിടെ ഭവനനിർമ്മാണം നടത്തുന്ന സ്ഥലത്തും, വീടിനും, സ്വത്തിനും ഭീഷണിയായി നിൽക്കുന്നതുമായ മരങ്ങൾ മുറിയ്ക്കാൻ അനുമതി നൽകിയിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ WP(C)-24438/18 & WP(C)-24563/15 എന്നിവയുടെ 06/03/2019-ലെ വിധി ന്യായത്തിൽ കൂടുതൽ മരങ്ങൾ മുറിക്കാൻ കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ച മലയാറ്റൂർ ഡിവിഷന്റെ വർക്കിംഗ് പ്ലാനിൽ പ്രസ്തുത സ്ഥലത്ത് സ്ഥിതി ചെയ്യുന്ന 1978 വർഷത്തിലെ മിക്സഡ് പ്ലാന്റേഷനിലെ തേക്ക് മരങ്ങൾ നിയമാനുസൃതം അടച്ചുമുറിക്ക് പാകമാകുന്ന വർഷത്തിൽ മാത്രമേ മറ്റ് മൂദുമരങ്ങൾ മുറിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വർക്കിംഗ് പ്ലാനിൽ വേണ്ട ഡീവിയേഷൻ അംഗീകാരം കേന്ദ്ര വനം -പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിൽ നിന്നും നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജീവനും, സ്വത്തിനും ഭീഷണിയുള്ള മരങ്ങൾ ഉണ്ടെങ്കിൽ ആയവ നിയമാനുസൃതം മുറിച്ച് നീക്കം ചെയ്യാനുള്ള നടപടി നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ഇവരുടെ പ്രധാന ജീവിതമാർഗ്ഗം കൃഷി ആണെന്നിരിക്കെ, കൃഷി ചെയ്ത് ഉപജീവനം നടത്തുന്നതിനായി ബാക്കി മരങ്ങൾ മുറിച്ച് നീക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. പന്തപ്ര ആദിവാസി കോളനിയിൽ രണ്ട് ഏക്കർ വീതം വനഭൂമി നൽകിയിട്ടുണ്ട്. ഇവിടെ ഭവനനിർമ്മാണം നടത്തുന്ന സ്ഥലത്തും, വീടിനും, സ്വത്തിനും ഭീഷണിയായി നിൽക്കുന്നതുമായ മരങ്ങൾ മുറിയ്ക്കാൻ അനുമതി നൽകിയിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ WP(C)-24438/18 & WP(C)-24563/15 എന്നിവയുടെ 06/03/2019-ലെ വിധി ന്യായത്തിൽ കൂടുതൽ മരങ്ങൾ മുറിക്കാൻ കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥ വ്യതിയാന |

| | | | |
|---|---|---|---|
| | | | മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ച മലയാറ്റൂർ ഡിവിഷന്റെ വർക്കിംഗ് പ്ലാനിൽ പ്രസ്തുത സ്ഥലത്ത് സ്ഥിതി ചെയ്യുന്ന 1978 വർഷത്തിലെ മിക്സഡ് പ്ലാന്റേഷനിലെ തേക്ക് മരങ്ങൾ നിയമാനുസൃതം അടച്ചുമുറിക്ക് പാകമാകുന്ന വർഷത്തിൽ മാത്രമേ മറ്റ് മൂദുമരങ്ങൾ മുറിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വർക്കിംഗ് പ്ലാനിൽ വേണ്ട ഡീവിയേഷൻ അംഗീകാരം കേന്ദ്ര വനം - പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിൽ നിന്നും നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജീവനും, സ്വത്തിനും ഭീഷണിയുള്ള മരങ്ങൾ ഉണ്ടെങ്കിൽ ആയവ നിയമാനുസൃതം മുറിച്ച് നീക്കം ചെയ്യാനുള്ള നടപടി നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | പ്രസ്തുത ആദിവാസി കോളനിയിലെ വീടുകൾക്ക് ഭീഷണിയായി നിൽക്കുന്ന നാശകം, വട്ട, അടക്കമുള്ള 919 പാഴ്മരങ്ങൾ വെട്ടിമാറ്റുന്നതിന് വേണ്ടി വനം വകുപ്പ് ലിസ്റ്റ് തയ്യാറാക്കിയിട്ട് നാളുകളായെങ്കിലും നാളിതുവരെ പാഴ്മരങ്ങൾ വെട്ടിമാറ്റിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ലിസ്റ്റ് തയ്യാറാക്കിയിട്ടും പാഴ്മരങ്ങൾ വെട്ടിമാറ്റാത്തത് എന്തുകൊണ്ടാണെന്ന കാര്യം വ്യക്തമാക്കാമോ; | (ഡി) | ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ കേന്ദ്ര വനം - പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം മന്ത്രാലയത്തിൽ നിന്നും വേണ്ട അനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പാഴ്മരങ്ങൾ മുറിച്ചു മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | ലിസ്റ്റ് അനുസരിച്ചുള്ള പാഴ്മരങ്ങൾ അടിയന്തരമായി മുറിച്ച് മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ കേന്ദ്ര വനം - പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം മന്ത്രാലയത്തിൽ നിന്നും വേണ്ട അനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പാഴ്മരങ്ങൾ മുറിച്ചു മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ